152716/2019/FC DCTSR

E2

30.4.19

## Submitted

We, the Expert Committee related with the construction of Guruvayur Railway Overbridge is hereby submitting the minutes of the first meeting as well as the final report associated with the same.

Ramya 30/04/2019

Dr. Ramya. R.,

Chairman,Expert Committee.

152716/2019/FC DCTSR

# ഗുരുവായൂർ മേൽപ്പാലത്തിന്റെ നിർമാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് തയാറാക്കി സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്താനായി നിയമിച്ച ജില്ലാവിദഗ്ധ സമിതി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്

ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ ഇ2- 2410/ 18(1) തിയതി 13/03/2019 പ്രകാരം ഏഴു കമ്മിറ്റി അംഗങ്ങൾ അടങ്ങുന്ന ഈ വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. 28/03/2019 രാവിലെ 11 മണിക്ക് ഡെപ്യൂട്ടി കളക്ടർ (LA) യുടെ ചേംബറിൽ ആദ്യ യോഗം ചേർന്നു. യോഗത്തിൽ ഹാജരായവരുടെ വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. യോഗത്തിന്റെ മിനിറ്റ്സും ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. യോഗം തീരുമാനപ്രകാരം 11/04/2019 രാവിലെ 9 മണിക്ക് ഗുരുവായൂർ മേൽപ്പാലം നിർമിക്കുവാനുദ്ദേശിക്കുന്ന സ്ഥലവും പഠന റിപ്പോർട്ടും വിശദമായി വിലയിരുത്തി താഴെ പറയുന്ന വസ്തുതകൾ സമർപ്പിക്കുന്നു.

- RBDCK തയാറാക്കിയ രൂപരേഖയനുസരിച്ചു തന്നെ മേൽപ്പാലത്തിന്റെ നിർമാണത്തിനുള്ള നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.
- തയാറാക്കിയ രൂപരേഖ അനുസരിച്ചു 11.6ARE ഭൂമി മാത്രമേ ഏറ്റെടുക്കേണ്ടതായുള്ളൂ. നിലവിലുള്ള PWD Road മുഴുവനായും ഈ ആവശ്യത്തിന് ഉപയോഗിക്കുന്നതുകൊണ്ടാണ് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം കുറഞ്ഞത്. ഒരു പുതിയ alignment തയാറാക്കുന്ന പക്ഷം 100ARE ഭൂമി ഈ ആവശ്യത്തിനായി വേണ്ടി വരും. ഇതു സർക്കാരിന് അധികബാധ്യതക്കിടയാക്കും.
- ലെവൽ ക്രോസിങ്ങുകൾ ഒഴിവാക്കുക എന്ന കേന്ദ്ര സർക്കാരിന്റെ നയം നടപ്പിലാക്കുന്നതുവഴിയാണ് ഗുരുവായൂർ മേൽപ്പാലത്തിന് റെയിൽവെയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചത് .ഇതിന്റെ നിർമാണത്തിന് ആവശ്യായ മൊത്തം തുകയുടെ 50% കേന്ദ്ര സർക്കാരും 50% കേരളം സർക്കാരുമാണ് വഹിക്കുക. നിർമ്മാണം പൂർത്തീകരിച്ചു ഗതാഗതം തുറന്നുകൊടുക്കുന്നതോടു കൂടി നിലവിലുള്ള ലെവൽ ക്രോസിങ് നിർബന്ധമായി എന്നെന്നേക്കുമായി അടക്കേണ്ടതാണ്. ലെവൽ ക്രോസിങ് അടക്കാൻ കഴിയാത്ത ഏതൊരു alignment നും നിർമാണ ചെലവ് മുഴുവനായും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്.
- ഭൂമി ഏറ്റെടുക്കൽ ബാധിക്കുന്ന 26 പേരിൽ ഉപജീവന മാർഗം നഷ്ടപ്പെടുന്നതായി ആരും തന്നെ ഇല്ല. മതിയായ നഷ്ടപരിഹാരം

ലഭ്യമാക്കണമെന്നാണ് എല്ലാവരുടെയും ആവശ്യം. SIA യുടെ നിർദേശവും ഇതു തന്നെയാണ്.

- ❖ നിർമ്മാണത്തോടനുബന്ധിച്ചു രണ്ടുഭാഗത്തും നാലു മീറ്റർ വീതിയിൽ സർവീസ് റോഡ് നിർമിക്കുന്നത് കൊണ്ട് ഭൂമി നഷ്ടപെടുന്നവർ ഈ സർവീസ് റോഡ് ഉപയോഗ യോഗ്യമാക്കാവുന്നതാണ്.
- ❖ നിർമ്മാണത്തിന് ശേഷം ലഭ്യമാകുന്ന പാലത്തിന്റെ അടിഭാഗം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഉപയോഗിക്കാവുന്നതാണ്. മേൽപ്പാല നിർമ്മാണത്തിനോടൊപ്പം നിർമ്മിക്കുന്ന സർവീസ് റോഡ് പൊതുജനങ്ങളുടെ ഗതാഗത്തിനായി തുറന്നു കൊടുക്കാനും, ഇരു വശവും ഉള്ള സ്ഥാപനങ്ങൾക്കും വീടുകൾക്കും ഉപയോഗിക്കാവുന്നതാണ്.
- ❖ YSSO നടത്തിയ സാമൂഹ്യ പ്രത്യാഘത പഠനത്തിന്റെ ഭാഗമായി പദ്ധതി ബാധിക്കപെടുന്ന വ്യക്തികളെ നേരിട്ട് കേൾക്കുകയും അതനുസരിച്ചു തയാറാക്കിയ റിപ്പോർട്ട് ൽ ഈ രൂപരേഖ തന്നെയാണ് ഏറ്റവു അനുയോജ്യം എന്നും അറിയിച്ചിട്ടുണ്ട്. ഈ വസ്തുത തന്നെയാണ് വിദഗ്ദ്ധ സമിതിക്കും ബോധ്യപ്പെട്ടിട്ടുള്ളത്.
- ❖ 2013 RFCTLARR ACT പ്രകാരം നിയമാനുസൃതമായ R & R package നൽകി തയ്യാറാക്കിയ രൂപരേഖ പ്രകാരം മേൽപ്പാല നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Chairman: Dr Ramya R.

Members:

1. Dr Binu K.
2. Smt. Parvathy Devi I.
3. Sri Ramachandran P.C.
4. Sri K.K. Abdullakutty
5. Smt. Priya Rajendran
6. Smt Sreedevi Balan.

152716/2019/FC DCTSR

# MINUTES OF THE MEETING HELD ON 28/03/2019

ഗുരുവായൂർ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപെട്ടു സാമൂഹ്യ പ്രത്യാഘത പഠന യൂണിറ്റ് സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്താനായി കൂടിയ ജില്ലാ വിദഗ്ധ സമിതിയുടെ മീറ്റിംഗിന്റെ മിനിറ്റ്സ്.

സമയം : 11: 00 AM

തിയതി : 28/03/2019

സ്ഥലം : Chamber, Deputy collector (LA)

പങ്കെടുത്തവർ:

Chairman: Dr Ramya R.

Members:

1. Dr Binu K.
2. Smt. Parvathy Devi I.
3. Sri Ramachandran P.C.
4. Sri K.K. Abdullakutty
5. Smt. Priya Rajendran
6. Smt Sreedevi Balan.

Ramya

ചെയർപേഴ്സൺ Dr. Ramya എവർക്കും സ്വാഗതം ആശംസിച്ചു , മീറ്റിംഗ് ന്റെ ഉദേശത്തെ കുറിച്ച് ആമുഖമായി സംസാരിച്ചു. സാമൂഹ്യ പ്രത്യാഘത പഠന റിപ്പോർട്ടിലെ പ്രസക്തമായ ഭാഗങ്ങൾ ചെയർപേഴ്സൺ വിശദീകരിക്കുകയും അതിനെ കുറിച്ച് ഓരോരുത്തരുടെയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തു.

ലെവൽ ക്രോസിങ്ങുകളിൽ കുടുങ്ങി നഷ്ടപെടുന്ന ജീവിതങ്ങളെയും പൊതുജന ബുദ്ധിമുട്ടുകളും ഇന്ധന നഷ്ടവും ചർച്ചാ വിഷയമായി. പ്രശസ്തമായ ഗുരുവായൂർ ക്ഷേത്രത്തിലേക്കുള്ള പ്രധാന വഴിയിൽ തന്നെ ഉള്ള ഈ ലെവൽ ക്രോസ് മാറ്റി പകരം റെയിൽവേ മേൽപാലം നിർമ്മിക്കേണ്ടത് അത്യാവശമാണന്നു യോഗം ഏകകണ്ഠമായി വിലയിരുത്തി.

2012-13 വർഷത്തെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ട ഈ മേൽപ്പാലത്തിന്റെ നിർമാണ സ്ഥലം ലഭിക്കാത്തതു കൊണ്ടാണ് ഇതു വരെ ഏറ്റെടുക്കാതിരുന്നത്. റെയിൽവേ മേല്പാലങ്ങൾ വഴി ലെവൽ ക്രോസിങ്ങുകൾ ഒഴിവാക്കുക എന്ന കേന്ദ്ര സർക്കാരിന്റെ നയം വഴിയാണ് ഇതിന്റെ നിർമാണത്തിന് അനുമതി ലഭിച്ചത്. ഇതിനു വേണ്ടി വരുന്ന നിർമാണ ചിലവിന്റെ പകുതി കേന്ദ്ര സർക്കാരും പകുതി കേരള സർക്കാരുമാണ് വഹിക്കുക

വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയ ഈ രൂപരേഖ സാങ്കേതികമായും സാമ്പത്തികമായും മേന്മ പുലർത്തുന്നതാണെന്നു കമ്മിറ്റിയിലെ സാങ്കേതിക

വിദഗ്ദർ അഭിപ്രായപ്പെട്ടു . ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ ബ്ലോക്ക് നമ്പർ 23 ൽ ഇരിങ്ങാപ്പുറം - തൈക്കാട് എന്നീ വില്ലേജുകളിലെ 32 സർവേ നമ്പറുകളിലായി 26 പേരിൽനിന്നാണ് ഈ 11.6 ARE ഏറ്റെടുക്കാനുള്ളത്. ഉപജീവന മാർഗം പൂർണമായും നഷ്ടപെടുന്നവർ ആരും തന്നെ ഇല്ല.

യോഗത്തിൽ സന്നിഹിതരായ കൗൺസിലർമാരായ പ്രിയ രാജേന്ദ്രൻ, ശ്രീദേവി ബാലൻ തുടങ്ങിയവർ ഈ രൂപരേഖയെ അനുകൂലിച്ചു സംസാരിക്കുകയും, പരമാവധി തുക നഷ്ടപരിഹാരമായി നൽകുവാനുള്ള നടപടി ഉണ്ടാവണമെന്നും ആവശ്യപ്പെട്ടു. മാത്രമല്ല തിരുവെങ്കിടത്തു ഒരു underpass നിർമിക്കേണ്ടതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

11/04/2019 രാവിലെ 9 മണിക്ക് ഗുരുവായൂർ മേൽപ്പാല സ്ഥലം പരിശോധിക്കുന്നതിനും സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും തീരുമാനിച്ചു വിശദമായ ചർച്ചകൾക്ക് ശേഷം ഉച്ചക്ക് 12 മണിക്ക് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് യോഗം അവസാനിപ്പിച്ചു.

Chairman: Dr Ramya R.

Members:

1. Dr Binu K.
2. Smt. Parvathy Devi I.
3. Sri Ramachandran P.C.
4. Sri K.K. Abdullakutty
5. Smt. Priya Rajendran
6. Smt Sreedevi Balan.

# Expert Committee Meeting on 28/03/2019

Time : 11 : 00 AM

Venue : Chamber of Deputy Collector (LA).

## Attendence.

1. Dr. R. Ramya
2. Parvathy. Dy. Collr., LA NH
3. PRIYA RAJENDRAN
4. Dr. Binu. K
5. T. C. Ramachandran.
6. K. K. Abdulla Kutty.
7. Sreedevi Balan.